**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1577** **05-07-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് കൃഷിഭവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത കൃഷിഭവനുകളുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | സ്മാർട്ട് കൃഷി ഭവൻ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ മുഴുവൻ കൃഷി ഭവനുകളെയും ഘട്ടംഘട്ടമായി ഈ പദ്ധതിയിൽ കൊണ്ടുവരുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ 14 കൃഷി ഭവനുകളെ RIDF പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതാണ്. കൂടാതെ സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷിഭവൻ' പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ പദ്ധതിയിൽ ഉൾപ്പെടുത്തി 28 കൃഷിഭവനുകളും സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതാണ്. |
| (ബി) | സ്മാർട്ട് കൃഷിഭവൻ വഴി നടപ്പിലാക്കുന്ന നൂതന സേവനങ്ങൾ വ്യക്തമാക്കാമോ; | (ബി) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനും, കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനുമാണ് "സ്മാർട്ട് കൃഷി ഭവൻ" പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്നു മേഖലകളിൽ കൃഷി ഭവനെ മികച്ചതാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. സ്മാർട്ട് കൃഷി ഭവന്റെ അന്തിമ രൂപം സർക്കാർ തലത്തിൽ രൂപപ്പെടുത്തുന്ന പ്രക്രിയ പുരോഗമിച്ചു വരുന്നു. |
| (സി) | മട്ടന്നൂർ നിയോജകമണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട കൃഷിഭവന്റെ വിവരങ്ങൾ വ്യക്തമാക്കാമോ; പ്രസ്തുത കൃഷിഭവന്റെ പ്രവൃത്തി പുരോഗതി വിശദമാക്കാമോ? | (സി) | മട്ടന്നൂർ നിയോജക മണ്ഡലത്തിൽ നിന്നും സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിനായി പടിയൂർ കൃഷിഭവനെയാണ് കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശിപാർശ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ